പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

ആറ്റിങ്ങലിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണം

223 (3045) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നും കേസ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങലിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1181/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ ബി.ജെ.പി./ ആർ.എസ്.എസ്. സംഘടനയിലെ പ്രവർത്തകരാണ്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിനായി മുൻകൂർ അനുമതി ആവശ്യമില്ല.

മാവേലിക്കരയിലെ മോഷണവും ഭവനഭേദനവും

224 (3046) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് മാവേലിക്കരയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എടുത്ത കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ മോഷണവും ഭവനഭേദനവും സംബന്ധിച്ച് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട മാവേലിക്കര പോലീസ് സർക്കിളിൽ ഇതുസംബന്ധിച്ച് 176 കേസ്സുകൾ (മാവേലിക്കര-44, നൂറനാട്-76, വള്ളികുന്നം-34, കുറത്തികാട്-22)· രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻ തന്നെ ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചും സംഭവസ്ഥലങ്ങളിലെ മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ചും ആവശ്യമാണെന്ന് കാണുന്ന കേസ്സുകളിന്മേൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചും കേസ് തെളിയിക്കുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം

225 (3047) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ;

(സി) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുവാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നകാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly